**ശുചിത്വമിഷൻ**

**തദ്ദേശ സ്വയംഭരണ വകുപ്പ്**

**കേരള സർക്കാർ**

'ഭരണഭാഷ മാതൃഭാഷ'

നമ്പർ : SM/2104/2024-G തീയതി :05-11-2025

പ്രേഷിതൻ

എക്സിക്യൂട്ടീവ് ഡയറക്ടർ

സ്വീകർത്താവ്

സെക്രട്ടറി
എരുമേലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:- ത.സ്വ.ഭ.വ - ശുചിത്വമിഷൻ - എരുമേലി ഗ്രാമപഞ്ചായത്ത് - FSTP സ്ഥാപിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. ഈ ഓഫീസിൽ നിന്നുള്ള 07.02.2025 ലെ ഇതേ നമ്പർ സാങ്കേതിക നമ്പർ.
2. ഇംപാക്ട് കേരളയിൽ നിന്നുള്ള 31.10.2025 ലെ IMPACT/14/2025-ADMIN നമ്പർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. എരുമേലി ഗ്രാമപഞ്ചായത്തിൽ 105 KLD സംസ്കരണശേഷിയുള്ള ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ആകെ അടങ്കൽ തുക 3,76,60,000/- രൂപയ്ക്ക് സൂചന (1) പ്രകാരം സാങ്കേതികാനുമതി നല്കിയിരുന്നു. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിനായി എരുമേലി ഗ്രാമ പഞ്ചായത്ത് IMPACT KERALA യുമായി ധാരണയിൽ എത്തി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. ആയതിന് കരാറുകാരെ കണ്ടെത്തുന്നതിന് IMPACT KERALA ക്ഷണിച്ച ടെണ്ടർ പ്രകാരം ലഭിച്ച താല്പര്യപത്രത്തിൽ GST ഉൾപ്പെടെ 5,10,18,661/- രൂപയാണ് കുറഞ്ഞ കരാർ തുകയായി കാണിച്ചിട്ടുള്ളതെന്നും ആയതിനുള്ള അനുമതി നൽകണമെന്നും സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു. ശുചിത്വ മിഷന്റെ ദ്രവ്യമാലിന്യ പരിപാലന പദ്ധതികൾക്കായുള്ള സാങ്കേതിക സമിതി അംഗീകരിച്ച സാങ്കേതിക വിദ്യയിൽ നിന്നും വ്യത്യസ്തമായ സാങ്കേതിക വിദ്യയാണ് താല്പര്യപത്രം സമർപ്പിച്ച കരാർകാരൻ ഉപയോഗപ്പെടുത്തുന്നതെന്നും ആയത് നിർദിഷ്ട FSTP യുടെ സ്ഥാപനത്തിന് ഉപയോഗപ്പെടുത്താവുന്നതാണെന്നും അതുവഴി ഉണ്ടാകുന്ന എസ്റ്റിമേറ്റ് തുകയിലുള്ള വ്യത്യാസം അനുവദനീയമാണെന്നും ഡയരക്ടർ (LWM) സാങ്കേതികാഭിപ്രായം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ കരാർ നിബന്ധന പ്രകാരം സെൻറേജ് ചാർജ് എരുമേലി ഗ്രാമപഞ്ചായത്ത് വഹിക്കുമെന്ന് പരാമർശിച്ചിട്ടുമുണ്ട്. എരുമേലി ഗ്രാമപഞ്ചായത്തിൽ 105 KLD സംസ്കരണശേഷിയുള്ള ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് SBM-G വിഹിതമായി പദ്ധതി പ്രദേശത്തെ ജനസംഖ്യക്ക് ആനുപാതികമായി ആളോഹരി 230/- രൂപ ക്രമത്തിൽ പദ്ധതി തുക 5,10,18,661/- രൂപ സ്വച്ഛ് ഭാരത് ഗ്രാമീൺ ഘടകത്തിൽ നിന്നും അനുവദനീയമാണ്. ഇതിനു പുറമേ ആവശ്യമായി വരുന്ന O&M ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും ഗ്രാമ പഞ്ചായത്ത് കണ്ടെത്തേണ്ടതാണ്. പദ്ധതി നിർവ്വഹണത്തിന്റെ വേളയിൽ പ്രൊജക്റ്റ് തുകയുടെ അടങ്കൽ മേൽ പ്രകാരം ഭേദഗതി വരുത്തി ഡിപിസി അംഗീകാരം വാങ്ങി ക്രമീകരിക്കേണ്ടതാണെന്ന വിവരം കൂടി അറിയിക്കുന്നു.

വിശ്വസ്തതയോടെ,

T M Muhammed Ja

DIRECTOR (DRINKING WATER)

പകർപ്പ്

ജില്ല ശുചിത്വമിഷൻ കോർഡിനേറ്റർ, കോട്ടയം

4th ഫ്ളോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം 695 033 ഫോൺ 0471 – 2316730, 2319831, 2312730

ഇ-മെയിൽ :sanitation.sm@kerala.gov.in, www.sanitation.kerala.gov.in,sanitationkerala@gmail.com